# KANNUR UNIVERSITY

## ONLINE APPLICATION FOR DEGREE ORIGINAL APPLICATIONS

## Frequently Asked Questions

1. *പ്രിൻറ് ചെയ്ത അപേക്ഷാഫോറത്തിൽ നേരത്തെ അപേക്ഷിച്ചവർ, വീണ്ടും ഓൺലൈൻ ആയി അപേക്ഷിക്കേണ്ടതുണ്ടോ?*

   - ഒരിക്കൽ അപേക്ഷിച്ചവർ വീണ്ടും അപേക്ഷിക്കേണ്ടതില്ല

2. *ഓൺലൈൻ അപേക്ഷാഫോറം 'SUBMIT' ചെയ്തതിനുശേഷം പ്രിൻറ് എടുക്കേണ്ടതുണ്ടോ?*

   - ഉണ്ട്. പ്രിൻറൗട്ട് ആവശ്യമായ മറ്റുരേഖകളോടൊപ്പം കൺട്രോളർ ഓഫ് എക്സാമിനേഷന് അയച്ചുകൊടുക്കേണ്ടതാണ്.

3. *അപേക്ഷാഫോറത്തിൻെറ പ്രിൻറൗട്ട് സർവ്വകലാശാലയിലേക്ക് അയക്കുമ്പോൾ അതോടോപ്പം എന്തെല്ലാം രേഖകൾ ചേർക്കണം?*

   - ഒറിജിനൽ ചലാൻ രശീതി
   - എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ്, പ്ലസ് ടു സർട്ടിഫിക്കറ്റ് എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ
   - കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റിൻെറ പകർപ്പ്
   - സ്വന്തം വിലാസം എഴുതി, 32 രൂപയുടെ സ്റ്റാമ്പൊട്ടിച്ച ക്ലോത്ത്-ലൈൻഡ് കവർ (32 X 25 സെ.മീ.)

4. *ഓൺലൈൻ പെയ്മെൻറ് സൗകര്യം നിലവിലുണ്ടോ?*

   - ഇപ്പോഴില്ല

5. *ഏതൊക്കെ ബാങ്കുകളിലാണ് ചലാൻ അടക്കുവാൻ സൗകര്യമുള്ളത്?*

- എസ്.ബി.ടി. (തെരഞ്ഞെടുത്ത ബ്രാഞ്ചുകൾ), കേരള ഗവണ്മെൻറ് ട്രഷറി

6. *വിദൂരവിദ്യഭ്യാസം (SDE) വഴി **2011 അഡ്മിഷൻ** ബാച്ചിനു മുമ്പുള്ള വിദ്യാർത്ഥികളും, **2009 അഡ്മിഷൻ CCSS** ബാച്ചിനു മുമ്പുള്ള വിദ്യാർത്ഥികളും എങ്ങനെയാണ് അപേക്ഷിക്കേണ്ടത്?*

- നിലവിലുള്ള രീതിയിൽ ഡിഗ്രിസർട്ടിഫിക്കറ്റിന് അപേക്ഷിക്കുന്ന ഫോം, ചലാൻ, മറ്റു രേഖകൾ എന്നിവ സഹിതമാണ് അപേക്ഷിക്കേണ്ടത്. (ഓൺലൈൻ അല്ല)

7. *ഫീസ് നിരക്കിൽ എന്തെങ്കിലും മാറ്റമുണ്ടോ?*

- ഇല്ല. വിശദവിവരങ്ങൾ സൈറ്റിൽ ലഭ്യമാണ്.

8. *ട്രഷറിയിൽ ഫീസ് അടക്കുവാനുള്ള 'Head of Account' ഏതാണ്?*

- ട്രഷറിയിൽ ഉപയോഗിക്കേണ്ട *Head of Account* : 8658-00-102-96(27) K.U.S

9. *അപേക്ഷയിൽ സമർപ്പിച്ച വിവരങ്ങളിൽ തെറ്റു സംഭവിച്ചാൽ എന്തുചെയ്യണം?*

- ഓൺലൈൻ അപേക്ഷ സമർപ്പിച്ച് 48 മണിക്കൂറിനുള്ളിൽ എഡിറ്റ് ചെയ്യാനുള്ള സൗകര്യം ഉണ്ട്. എഡിറ്റ് ചെയ്യാനായി റജിസ്റ്റർ നമ്പർ, ആപ്ലിക്കേഷൻ ID, ജനനത്തീയതി എന്നിവ നൽകേണ്ടതുണ്ട്.

10. *അപേക്ഷാഫോറം പൂരിപ്പിക്കുന്നത് മുഴുവനാകുന്നതിന് മുൻപ് 'SUBMIT' ആയിപ്പോയാൽ എന്തു ചെയ്യണം?*

- ഓൺലൈൻ അപേക്ഷ സമർപ്പിച്ച് 48 മണിക്കൂറിനുള്ളിൽ എഡിറ്റ് ചെയ്യാനുള്ള സൗകര്യം ഉണ്ട്. എഡിറ്റ് ചെയ്യാനായി റജിസ്റ്റർ നമ്പർ, ആപ്ലിക്കേഷൻ ID, ജനനത്തീയതി എന്നിവ നൽകേണ്ടതുണ്ട്.

*11. പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷാഫോറം 'SUBMIT' ചെയ്തു; എന്നാൽ പ്രിൻറ് ചെയ്യാൻ സാധിച്ചില്ല. അപേക്ഷ പ്രിൻറ് ചെയ്തെടുക്കാൻ എന്തുചെയ്യണം?*

- ആദ്യപേജിലുള്ള 'Take printout of application form' എന്ന ലിങ്ക് വഴി പ്രിൻറ് എടുക്കാവുന്നതാണ്.

*12. പ്രിൻെറടുത്ത് അപേക്ഷാഫോറം അയക്കാത്തപക്ഷം ഓൺലൈൻ ആയി സമർപ്പിച്ച അപേക്ഷ പരിഗണിക്കുമോ?*

- ഇല്ല

*13. ഓൺലൈൻ അപേക്ഷ പ്രിൻെറടുത്ത് സർവ്വകലാശാലയിലേക്ക് അയക്കുമ്പോൾ ഒറിജിനൽ സർട്ടിഫിക്കറ്റുകളയക്കേണ്ടതുണ്ടോ?*

- ഇല്ല. വെബ്സൈറ്റിൽ നിർദ്ദേശിച്ച രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പികൾ വെച്ചാൽ മതി.

*14. ഡിഗ്രി സർട്ടിഫിക്കറ്റ് വേഗത്തിൽ ലഭിക്കാൻ എന്താണ് ചെയ്യേണ്ടത്?*

- ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിൽ, അപേക്ഷ പൂരിപ്പിച്ച് നിശ്ചയിക്കപ്പെട്ട ഫീസ്, മറ്റുരേഖകൾ എന്നിവ വെച്ച് പരീക്ഷാകൺട്രോളറുടെ ഓഫീസിൽ നേരിട്ട് സമർപ്പിക്കുക.

CONTROLLER OF EXAMINATIONS